aft #2 of File 3270/CUE 2024-25/St.Joseph Training College Mananam/Clarification of age Approved by ASSISTANT REGISTRAR II (ACADEMIC) on 09-Apr-2025 02:36 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബി.എഡ് വിദ്യാർത്ഥികളുടെ കോളേജ് യൂണിയൻ തെരെഞ്ഞെടുപ്പിൽ മത്സരിക്കുവാനുള്ള ഉയർന്ന പ്രായപരിധി 26 വയസ്സായി പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ഷൻ സെക്ഷൻ**

നമ്പർ. 3422/Election/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 10.04.2025

---

*പരാമർശം:*-(1) മാന്നാനം സെന്റ്.ജോസഫ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പൽ 08.10.2024 തീയതിയിൽ നല്കിയ SJTC/B.Ed./MGU/R-20/2024 നമ്പർ കത്ത്.

(2) 21.02.2025 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 170/25.02.3270/CUE 2024-25/St.Joseph Training College Mannanam/ Clarification of age

(3) 25.02.2025 ന് ചേർന്ന അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ ഓ.എ.2/170/25.02/3270/CUE 2024-25/St.Joseph Training College Mannanam/ Clarification of age

**<u>ഉത്തരവ്</u>**

2024-25 വർഷത്തെ കോളേജ് യൂണിയൻ തെരെഞ്ഞെടുപ്പിൽ, ബി.എഡ് വിദ്യാർത്ഥികൾക്ക് മത്സരിക്കുവാനുള്ള യോഗ്യതയുമായി ബന്ധപ്പെട്ട്, മാന്നാനം സെന്റ്.ജോസഫ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പൽ, പരാമർശം (1) പ്രകാരം നല്കിയ കത്തിൽ, ബി.എഡ് വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയവരായതിനാൽ, കോളേജ് യൂണിയൻ തെരെഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള പ്രായപരിധിയിൽ ആനുപാതികമായ ഇളവ് (27 വയസ്സ്) അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. തെരെഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള പ്രായപരിധി സംബന്ധിച്ച് 16.11.2022 ലെ സർവ്വകലാശാല റെഗുലേഷൻ നമ്പർ 11651/Election/2022/എം.ജി.യു പ്രകാരം, ബി.എഡ് വിദ്യാർത്ഥികൾക്ക് തെരെഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള ഉയർന്ന പ്രായപരിധി 24 വയസ്സാണ്.

വിദ്യാർത്ഥികൾക്ക് സ്ഥാനാർത്ഥികളാകാനുള്ള ഉയർന്ന പ്രായപരിധി നിശ്ചയിച്ചിരിക്കുന്നത് അവരുടെ കോഴ്സിന് ചേരാൻ വേണ്ട കുറഞ്ഞ പ്രായത്തിന്റെ കൂടെ, ടി കോഴ്സിന്റെ കാലദൈർഘ്യവും, കൂടെ രണ്ടു വർഷവും കൂടി കണക്കാക്കിയാണ്. മേൽ സൂചിപ്പിച്ച റെഗുലേഷനിൽ, ബി.എഡ് കോഴ്സിന്റെ അടിസ്ഥാന യോഗ്യതയായി കണക്കാക്കിയിരിക്കുന്നത് ബിരുദം ആണ്. എന്നാൽ കോമേഴ്സ് ബി.എഡ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടിസ്ഥാന യോഗ്യത ബിരുദാനന്തര ബിരുദം ആയതിനാൽ, തെരെഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള ഉയർന്ന പ്രായപരിധി 26 വയസ്സായി കണക്കാക്കാം എന്ന്, മുൻ വർഷത്തെ തെരെഞ്ഞെടുപ്പിൽ (2023-24) ബഹു.വൈസ് ചാൻസിലറുടെ

ഉത്തരവ് പ്രകാരം, ടി കോളേജിനെ അറിയിച്ചിരുന്നു.

എന്നാൽ ഭൂരിഭാഗം വിദ്യാർഥികളും, ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയതിന് ശേഷമാണ് ബി.എഡ് കോഴ്സിന് ചേരുന്നത്. ആയതിനാൽ, എല്ലാ ബി.എഡ് വിദ്യാർത്ഥികൾക്കും തെരെഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള ഉയർന്ന പ്രായപരിധി, 26 വയസ്സായി പുനഃക്രമീകരിക്കണോ എന്ന വിഷയത്തിൽ തീരുമാനത്തിനായി ഫയൽ ബഹു.വൈസ് ചാൻസിലർ മുൻപാകെ സമർപ്പിക്കുകയും, ടി വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത്, സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കാൻ 22.10.2024 തീയതിയിൽ ബഹു. വൈസ് ചാൻസിലർ ഉത്തരവാകുകയും ചെയ്തു. പരാമർശം (2) പ്രകാരം മേൽ വിഷയം അക്കാഡമിക് കൗൺസിലിന്റെ പരിഗണനക്കായി സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് തീരുമാനിക്കുകയും ചെയ്തു.

25.02.2025ന് കൂടിയ അക്കാദമിക് കൗൺസിൽ, ടി വിഷയം പരിഗണിച്ച്, പരാമർശം (3) പ്രകാരം, 'മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബി.എഡ് വിദ്യാർത്ഥികളുടെ കോളേജ് യൂണിയൻ തെരെഞ്ഞെടുപ്പിൽ മത്സരിക്കുവാനുള്ള ഉയർന്ന പ്രായപരിധി, 26 വയസ്സായി പുനഃക്രമീകരിക്കുന്നതിന് തീരുമാനിച്ചു'.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മിനിമോൾ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

Draft #2 of File 3270/CUE 2024-25/St.Joseph Training College Mananam/Clarification of age Approved by ASSISTANT REGISTRAR II (ACADEMIC) on 09-Apr-2025 02:36 PM - Page 2